ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 06.30 PM

## പ്രധാനവാർത്തകൾ

DATE:11.05.2026

1. രാജ്യത്തിൻറെ പാരമ്പര്യം സംരക്ഷിക്കുന്നതിനോടൊപ്പം പുതുതലമുറയ്ക്ക് അവ കൈമാറുന്നതിലൂടെയാണ് രാജ്യം സമൃദ്ധമാകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. പശ്ചിമേഷ്യൻ സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ, വിദേശനാണ്യ വിനിമയം കുറയ്ക്കാൻ പൗരന്മാരോട് അഭ്യർത്ഥിച്ച് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

3. കേരളത്തിൽ പുതിയ മുഖ്യമന്ത്രിയെ സംബന്ധിച്ച പ്രഖ്യാപനം വൈകുന്നു. തീരുമാനം പാർട്ടിയുടെ കേന്ദ്ര നേതൃത്വം കൈക്കൊള്ളുമെന്ന് റിപ്പോർട്ട്.

4. അസമിൽ പുതിയ മന്ത്രിസഭ നാളെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെയുള്ള പ്രമുഖർ ചടങ്ങിൽ പങ്കെടുക്കും.

5. സംസ്ഥാനത്ത് അടുത്ത 5 ദിവസങ്ങളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ കാറ്റിനും മഴയ്ക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.

6. ഐസിസി ഏകദിന ക്രിക്കറ്റ് റാങ്കിംഗിൽ ഒന്നാം സ്ഥാനം നിലനിർത്തി ടീം ഇന്ത്യ.

*******************

RNUTVPM

## പി.എം. - സോമനാഥ്

ഇന്ത്യയുടെ പുരാതനവും ശ്രേഷ്ഠവുമായ പാരമ്പര്യം വരുംതലമുറയ്ക്ക് പകർന്ന് നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

മൺ മറഞ്ഞു പോയ മഹാന്മാർ നൽകിയ പാരമ്പര്യം സംരക്ഷിക്കുന്നതിനോടൊപ്പം പുതിയതലമുറയ്ക്ക് അവ കൈമാറുന്നതിലൂടെ രാജ്യം സമൃദ്ധമാകുമെന്ന് അദ്ദേഹം പറഞ്ഞു. ഗുജറാത്തിലെ സോമനാഥ് അമൃത് പർവ് 2026 ൻറെ സമാപന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. സോമനാഥ ക്ഷേത്രത്തിലെ പതാക ഭാരതത്തിന്റെ വിശ്വാസ വിജയത്തിന്റെ പ്രതീകമാണെന്നും രാജ്യത്തിന്റെ മഹത്വം വിളിച്ചോതുന്നതാണെന്നും അദ്ദേഹം പറഞ്ഞു. സോമനാഥ് ക്ഷേത്രത്തിലെ ആദ്യ നവീകരണത്തിന് 75 വർഷം പൂർത്തിയാകുന്നതുമായി ബന്ധപ്പെട്ടാണ് അമൃത് പർവ് സംഘടിപ്പിച്ചിരിക്കുന്നത്.

*******************

## മന്ത്രിതല സമിതി

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗിന്റെ അധ്യക്ഷതയിൽ രൂപീകരിച്ച അനൗപചാരിക മന്ത്രിതല സമിതി ഇന്ന് യോഗം ചേർന്നു. മേഖലയിലെ സ്ഥിതിഗതികൾ യോഗം വിലയിരുത്തി. കേന്ദ്രമന്ത്രിമാരായ ജെ പി നഡ്ഡ, ഹർദീപ് സിംഗ് പുരി, സർബാനന്ദ് സോനോവാൾ, കിരൺ റിജിജു, ജിതേന്ദ്ര സിംഗ്, കെ. റാംമോഹൻ നായിഡു എന്നിവർ യോഗത്തിൽ പങ്കെടുത്തു.

*******************

## അന്തർമന്ത്രാലയം

രാജ്യത്ത് പെട്രോളിന്റെയും ഡീസലിൻറെയും സ്റ്റോക്കുകൾ ആവശ്യത്തിന് ലഭ്യമാണെന്നും എൽപിജി വിതരണം തടസമില്ലാതെ പുരോഗമിക്കുന്നതായും കേന്ദ്ര സർക്കാർ. ന്യൂഡൽഹിയിൽ അന്തർമ ന്ത്രാലയതല യോഗത്തിൽ പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയ ജോയിന്റ് സെക്രട്ടറി സുജാത ശർമ്മയാണ്

RNU TVPM

ഇക്കാര്യം വ്യക്തമാക്കിയത്. പൊതുഗതാഗതം കൂടുതൽ ഉപയോഗപ്പെടുത്തണമെന്ന

പ്രധാനമന്ത്രിയുടെ അഭ്യർത്ഥന ശ്രീമതി സുജാത ശർമയും ആവർത്തിച്ചു.

*******************

## അശ്വനി വൈഷ്ണവ്

പശ്ചിമേഷ്യൻ സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ,

വിദേശനാണ്യ വിനിമയം ആവശ്യമുള്ള വസ്തുക്കളുടെ ചെലവ് കുറയ്ക്കാൻ പൗരന്മാരോടും വ്യവസായികളോടും

അഭ്യർത്ഥിച്ച് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് . ഇന്ന്

ന്യൂഡൽഹിയിൽ നടന്ന C. I. I. വാർഷിക ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

*******************

## മുഖ്യമന്ത്രി -കേരളം

RNU TVPM

കേരളത്തിൽ പുതിയ മുഖ്യമന്ത്രിയെ സംബന്ധിച്ച പ്രഖ്യാപനം വൈകുന്നു. എഐസിസി നിരീക്ഷകരുടെ റിപ്പോർട്ടും ഹൈക്കമാൻഡിൻറെ ചർച്ചകളും കഴിഞ്ഞ ദിവസങ്ങളിൽ നടന്നെങ്കിലും പ്രഖ്യാപനം ഇനിയും വൈകുമെന്നാണ്

സൂചന. ഇത് സംബന്ധിച്ച അന്തിമ തീരുമാനം കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെയും മുതിർന്ന നേതാവ് രാഹുൽ ഗാന്ധിയും കൈക്കൊള്ളുമെന്നാണ് റിപ്പോർട്ട്. അന്തിമ പ്രഖ്യാപനം ഉണ്ടാകുന്നത് വരെ പ്രവർത്തകർ ഐക്യത്തോടെ

മുന്നോട്ട് പോകണമെന്ന് A.I.C.C നിർദേശം നൽകിയിട്ടുണ്ട്.

അതേസമയം, മുതിർന്ന കോൺഗ്രസ് നേതാവ് വി എം

സുധീരനോട് ഡൽഹിയിൽ എത്താൻ ഹൈക്കമാൻഡ്

ആവശ്യപ്പെട്ടു. നാളെ ഡൽഹിയിലേക്ക് പോകുമെന്ന്

അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

*******************

## അസം-സത്യപ്രതിജ്ഞ

അസമിൽ പുതിയ മന്ത്രിസഭ നാളെ സത്യപ്രതിജ്ഞ

ചെയ്ത് അധികാരമേൽക്കും. ഖാനപാരയിലെ വെറ്ററിനറി കോളേജ്

കളിസ്ഥലത്ത് നടക്കുന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തര മന്ത്രി
അമിത് ഷാ, ഉൾപ്പെടെയുള്ള പ്രമുഖർ പങ്കെടുക്കും.

*******************

## പുതുച്ചേരി - സത്യപ്രതിജ്ഞ

പുതുച്ചേരി മുഖ്യമന്ത്രിയായി എൻ രംഗസാമി ബുധനാഴ്ച സത്യപ്രതിജ്ഞ ചെയ്യും. AINRC - യുടെ നേതൃത്വത്തിലുള്ള N D A സഖ്യം നിയമസഭാ തിരഞ്ഞെടുപ്പിൽ മികച്ച വിജയം നേടിയതിനെത്തുടർന്നാണ് അഞ്ചാം തവണയും ശ്രീ. രംഗസാമി അധികാരത്തിലേറുന്നത്.

*******************

## തമിഴ്നാട് നിയമസഭ

തമിഴ്നാട് നിയമസഭയിലേക്ക് പുതുതായി തിരഞ്ഞെടുക്കപ്പെട്ട എംഎൽഎമാർ ഇന്ന് സത്യപ്രതിജ്ഞ ചെയ്തു. പ്രോ-ടെം സ്പീക്കർ എം.വി. കറുപ്പയ്യ സത്യവാചകം
ചൊല്ലിക്കൊടുത്തു. നാളെയാണ് സ്പീക്കറെ തിരഞ്ഞെടുക്കുന്നത്. T V K അധ്യക്ഷനും മുഖ്യമന്ത്രിയുമായ സി. ജോസഫ് വിജയ് നയിക്കുന്ന പുതിയ സർക്കാർ ഈ മാസം 13 ന് മുമ്പ് ഭൂരിപക്ഷം തെളിയിക്കണം. ഉദയനിധി സ്റ്റാലിനാണ് DMKയുടെ നിയമസഭാ കക്ഷി നേതാവ്.

RNUTVPM

*******************

## പദ്ധതി രേഖ (ഇൻട്രോ)

വെള്ളം ,വൃത്തി , വിളവ് എന്നീ മേഖലകളുടെ മികവ് വർദ്ധിപ്പിക്കാൻ കണ്ണൂർ ജില്ലയിലെ ഒമ്പത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സമഗ്ര പദ്ധതി രേഖ തയ്യാറാക്കുന്നു. ഇതിനായി 15 പേരടങ്ങിയ കർമ്മ സമിതി രൂപീകരിച്ച് പ്രവർത്തനം തുടങ്ങി. വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഒ. ശശിധരൻ.

*******************

## VB-G RAM G ബിൽ

VB-G RAM G പദ്ധതി നടപ്പാക്കാനുള്ള വിജ്ഞാപനം പുറത്തിറക്കി കേന്ദ്ര സർക്കാർ. ഈ വർഷം ജൂലൈ 1 മുതൽ രാജ്യവ്യാപകമായി നിയമം നടപ്പാക്കുകയാണ് ലക്ഷ്യം. സാമ്പത്തിക വർഷത്തിലുടനീളം 125 ദിവസത്തെ തൊഴിൽ ഉറപ്പുനൽകുന്ന ഈ നിയമം ഗ്രാമീണ ഇന്ത്യയെ ശാക്തീകരിക്കുമെന്ന് ഗ്രാമവികസന മന്ത്രാലയം അറിയിച്ചു. ഇരുപത് വർഷം പഴക്കമുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം - MGNREGA 2005 ന് പകരമായാണ് VB-G RAM G നിലവിൽ വന്നത്.

*******************

## തുറവൂർ അരൂർ പാത(ഇൻട്രോ)

രാജ്യത്തെ ഏറ്റവും നീളമേറിയ ഉയരപാതയായ ആലപ്പുഴയിലെ തുറവൂർ - അരൂർ പാതയുടെ നീളം കൂടുന്നു.
**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവികുമാർ.**
**(വോയ്സ്)**

RNU TVPM

*******************

## മഴ

സംസ്ഥാനത്ത് അടുത്ത 5 ദിവസങ്ങളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത . തെക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദം അടുത്ത 48 മണിക്കൂറിനുള്ളിൽ കൂടുതൽ ശക്തിപ്പെടാൻ സാധ്യതയുയുണ്ട് . ലക്ഷദ്വീപിനും കേരള തീരത്തിനും സമീപത്തായി ചക്രവാതച്ചുഴി നിലനിൽക്കുന്നതിനാൽ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ കേന്ദ്രം അറിയിച്ചു.

*******************

## മഴ-നാശനഷ്ടം-ഇടുക്കി (ഇൻട്രോ)

ഇടുക്കി ജില്ലയിലെ ലോ റേഞ്ച് മേഖലകളിൽ ശക്തമായ വേനൽ മഴയിലും കാറ്റിലും വ്യാപക നാശനഷ്ടം.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.
(വോയ്സ്)

*******************

## ODI റാങ്കിംഗ്

വാർഷിക ഐസിസി ഏകദിന ക്രിക്കറ്റ് റാങ്കിംഗിൽ ഇന്ത്യൻ ടീം ഒന്നാം സ്ഥാനത്ത് നിലനിർത്തി. ഇന്ത്യയുടെ റേറ്റിംഗ് 119 ൽ നിന്ന് 118 ആയി കുറഞ്ഞെങ്കിലും, പുരുഷ ടി20 അന്താരാഷ്ട്ര റാങ്കിംഗിൽ ഒന്നാം സ്ഥാനം നിലനിർത്തിയതോടെ റാങ്കിംഗിൽ ഇന്ത്യ ആധിപത്യം തുടരുകയാണ്.

*******************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ് - ഡൽഹി ക്യാപിറ്റൽസിനെ നേരിടും. രാത്രി 7:30-ന് ധരംശാലയിലാണ് മത്സരം.

*******************

## ശബരിമല

ശബരിമലയിൽ ഇടവമാസ പൂജാ ദർശനത്തിനായി വെർച്ച്വൽ ക്യൂ ബുക്കിങ് ആരംഭിച്ചു. ഈ മാസം 14 ന് വൈകിട്ട് 5 മണിക്ക് നട തുറക്കും. അന്നേ ദിവസം പ്രത്യേക പൂജകൾ ഉണ്ടായിരിക്കില്ല.

*******************

************

*****

RNUTVPM